# പതിനാലാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി VI
## (വിദ്യാഭ്യാസം)

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2018 ജൂൺ 19-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം.
2018

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

1057/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2016-2018)

**ഘടന**

<u>ചെയർമാൻ :</u>

പ്രൊഫ. സി. രവീന്ദ്രനാഥ്,

വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ :</u>

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

ശ്രീ. എ. സി. മൊയ്തീൻ,

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി, ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 25-4-2017-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 7-6-2018-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ 2017-18 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

2018 ജൂൺ 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്,<br>
*അദ്ധ്യക്ഷൻ,*<br>
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,<br>
2018 ജൂൺ 7.

# റിപ്പോർട്ട്

## ഭാഗം - 1

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

## ധനാഭ്യർത്ഥന നമ്പർ XVII

## വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

### പൊതുവിദ്യാഭ്യാസ വകുപ്പ്

#### ശിപാർശ (ഖണ്ഡിക-1)

2202-01-102-99 -04(1)—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം യാത്രാചെലവുകൾ- യാത്രാബത്ത

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

#### ശിപാർശ (ഖണ്ഡിക -2)

2202-01-102-98—സംരക്ഷണ സഹായം

സംരക്ഷണ സഹായം ഗണ്യമായി വർദ്ധിച്ചതിനാൽ പുതുക്കിയ നിരക്കനുസരിച്ച് സംരക്ഷണ സഹായം വിതരണം ചെയ്യുന്നതിനായി എയ്ഡഡ് പ്രൈമറിക്ക് 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ 2202-01-102-98 (എൻ.പി.) എന്ന ശീർഷകത്തിൽ 1,95,75,000 രൂപ (ഒരു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) അധിക ധനാഭ്യർത്ഥന മുഖേന അനുവദിക്കുകയുണ്ടായി.

ശിപാർശ (ഖണ്ഡിക -3)

2202-01-102-95—ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം വിതരണം

ഈ അക്കാദമിക് വർഷത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്നതിനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക-4)

2202-01-104-99—പരിശോധന

സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് എന്നിവയും ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി 21 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ 2202-01-104-99 (എൻ.പി.) എന്ന ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ മുഖേന വാട്ടർ ചാർജ്ജിനത്തിൽ 3 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 3 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

ശിപാർശ (ഖണ്ഡിക-5)

2202-01-111-98—സർവ്വശിക്ഷാ അഭിയാൻ (60% CSS)

02- ഭരണപരമായ ചെലവുകൾ-സംസ്ഥാന വിഹിതം

IED-യുടെ ഭാഗമായി സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള 423 റിസോഴ്സ് അധ്യാപകർക്ക് റെമ്യൂണറേഷൻ നൽകുന്നതിന് 10 കോടി രൂപയും അദ്ധ്യാപകർക്ക് ഗണിതം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ കൂടുതൽ മികവ് ലഭിക്കുന്നതിന് യൂണിവേഴ്സിറ്റി, വിവിധ വിദഗ്ധ ഏജൻസികൾ എന്നിവ വഴി കോഴ്സുകൾ നൽകുന്നതിന് 5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തതകാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക -6)</u>

2202-01-112-93-04-(1)—<u>പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം- യാത്രാചെലവുകൾ- യാത്രാബത്ത</u>

ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഇതിനായി 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തതകാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക -7)</u>

2202-02-001-99-04 —<u>ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ-യാത്രാ ചെലവുകൾ</u>

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത, അവധി യാത്രാനുകൂല്യം എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി യഥാക്രമം 2 ലക്ഷം രൂപയും 7 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ചനടപടി</u>

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക -8)

2202-02-001-98—മുഖ്യ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ (വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ)

സംസ്ഥാനത്തെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 10 ലക്ഷം രൂപയും യാത്രാബത്ത ഇനത്തിൽ 5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക -9)

2202-02-001-95—വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ - 34- മറ്റു ചെലവുകൾ

2015-16-ലെ പദ്ധതി വിഹിതത്തിൽ നിന്നും 145 ലക്ഷം രൂപ ഇ-ലാംസിൽ നിക്ഷേപിക്കുകയും ആയത് മുഴുവൻ തുകയും 2016-17 വർഷത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതിനാൽ 2016-17-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കുറവ് വന്ന 145 ലക്ഷം രൂപ കരിക്കുലം നവീകരണത്തിന്റെ പശ്ചാത്തലത്തിൽ ലാബുകളുടെ നവീകരണത്തിനായി അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക -10)

2202-02-001-94-34(3)—ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ (പ്ലസ്സു)- മറ്റു ചെലവുകൾ- മറ്റിനം

ഉത്തരക്കടലാസിന്റെ വില, സർട്ടിഫിക്കറ്റിന്റെ പ്രിന്റിംഗ് ചാർജ് എന്നിവയിലുണ്ടായ

വർദ്ധനവ് കണക്കിലെടുക്കമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

2017-18 സാമ്പത്തിക വർഷത്തിൽ ഹയർസെക്കന്ററി പരീക്ഷാ നടത്തിപ്പിനായി ബന്ധപ്പെട്ട ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ 4200 ലക്ഷം രൂപ മുഴുവനായും ചെലവഴിച്ച സാഹചര്യത്തിൽ, പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 2202-02-001-94-34(3) എന്ന ശീർഷകത്തിൽ 1165 ലക്ഷം രൂപ അധിക ധനാഭ്യർത്ഥന മുഖേന അനുവദിക്കുകയുണ്ടായി.

ശിപാർശ (ഖണ്ഡിക-11)

2202-02-101-99-04-(1)—ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ-പരിശോധന യാത്രാചെലവുകൾ-യാത്രാബത്ത

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക -12)

2202-02-109-99-04(1)—സെക്കൻററി സ്കൂളുകൾ-യാത്രാചെലവുകൾ-യാത്രാബത്ത

സംസ്ഥാനത്തെ ഗവ. സെക്കൻററി സ്കൂളുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ

പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധികതുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക -13)

2202-02-109-71—അക്കാദമിക് എക്സലൻസ്

സംസ്കൃത വിദ്യാഭ്യാസ വികസനത്തിന് ഈ വർഷം അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക -14)

2202-02-109-70 —സ്കൂൾ വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

ബഹുതരം പഠനകേന്ദ്രങ്ങളിലെ സന്നദ്ധ സേവകരായ അദ്ധ്യാപകർക്ക് ഓണറേറിയം കൊടുക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 297 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ 2202-02-109-70(പി) എന്ന ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 4,46,86,000 രൂപ (നാലു കോടി നാല്പത്തിയാറ് ലക്ഷത്തി എൺപത്തിയാറായിരം രൂപ മാത്രം) എം.ജി.എൽ.സി. ഓണറേറിയം ഇനത്തിൽ അനുവദിക്കുകയുണ്ടായി.

ശിപാർശ (ഖണ്ഡിക-15)

2202-02-110-99-04(1)—ടീച്ചിംഗ് ഗ്രാന്റ്-യാത്രാചെലവുകൾ-യാത്രാബത്ത

സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരുടെയും ഇതര ജീവനക്കാരുടെയും യാത്രാബത്ത കടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക -16)

2202-02-110-98—സംരക്ഷണം

2017-18 വർഷത്തിലെ പുതുക്കിയ നിരക്കനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകൾക്ക് സംരക്ഷണസഹായം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 21.84 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ 2202-02-110-98 (എൻ.പി.) എന്ന ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 1,58,26,000 രൂപ (ഒരുകോടി അമ്പത്തിയെട്ട് ലക്ഷത്തി ഇരുപത്തിയാറായിരം രൂപ മാത്രം) അനുവദിക്കുകയുണ്ടായി.

ശിപാർശ (ഖണ്ഡിക-17)

2202-02-110-92—ഗവൺമെന്റിതര സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ്

സംസ്ഥാനത്തെ 32 ഗവൺമെന്റിതര അന്ധ ബധിര വിദ്യാലയങ്ങളിലെ കുട്ടികൾക്കുള്ള ബോർഡിംഗ് ഗ്രാന്റ് കുടിശ്ശിക നൽകുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ 2202-02-110-92 (എൻ.പി.) എന്ന ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 1,47,00,000 രൂപ (ഒരുകോടി നാല്പത്തിയേഴ് ലക്ഷം രൂപ മാത്രം) അനുവദിക്കുകയുണ്ടായി.

ശിപാർശ (ഖണ്ഡിക -18)

2202-04-103-98 —കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (എൽ.ഇ.എ.പി. കേരള മിഷൻ)

കേരള സംസ്ഥാന സാക്ഷരതാമിഷൻ പുതുതായി ആരംഭിക്കുന്ന ആറ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടി 340 ലക്ഷം രൂപയും പ്രേരക്മാർക്ക് ഓണറേറിയം നൽകുന്നതിനായി 23 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ചനടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിലെ പ്രേരക്മാർക്ക് ഓണറേറിയം നൽകുന്നതിനായി 2202-04-103-98 എന്ന ശീർഷകത്തിൽ ഉപധനാഭ്യർത്ഥന (എസ്.ഡി.ജി.) മുഖേന 12 കോടി രൂപ (പന്ത്രണ്ട് കോടി രൂപ മാത്രം) അനുവദിക്കുകയുണ്ടായി.

<u>ശിപാർശ (ഖണ്ഡിക-19)</u>

<u>2202-80-004-91—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ്-36 സഹായധനം-ശമ്പളേതരം</u>

എസ്.സി.ഇ.ആർ.ടി. ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി പദ്ധതിയേതര ഇനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 651 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ചനടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക-20)</u>

<u>2202-80-004-89—സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (എസ്.ഐ.ഇ.എം.എ.റ്റി.) കേരള</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾക്കും ഇതര പ്രവർത്തനങ്ങൾക്കുമായി 13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക-21)

2204-00-101-94 —സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ധനസഹായം

സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ധനസഹായം ഉയർത്തിയതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ പുതുക്കിയ നിരക്കനുസരിച്ച് ധനസഹായം വിതരണം ചെയ്യുന്നതിന് 1.2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക-22)

2204-00-104-91—ഡിപ്പാർട്ട്മെന്റ് സ്കൂളുകളിൽ കായികവിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)

ജി.വി. രാജാ സ്പോർട്സ് സ്കൂളുകളിലെ ജീവനക്കാരുടെ വേതനം, വൈദ്യുതി ചാർജ്ജ്, കുട്ടികളുടെ ഡയറ്റ് ചാർജ്ജ് കുടിശ്ശിക എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 63 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക-23)</u>

2235-02-101-99—<u>ബധിര, മൂക, അന്ധ വിദ്യാലയങ്ങൾ</u>

സംസ്ഥാനത്തെ 7 ഗവൺമെന്റ് ബധിര, മൂക, അന്ധ വിദ്യാലയങ്ങളിലെ വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ നൽകുന്നതിലേക്കുവേണ്ടി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വെള്ളക്കരം, വൈദ്യുതിക്കരം എന്നിവയ്ക്കായി ആകെ 1 ലക്ഷം രൂപയും മറ്റു ചെലവുകൾക്കുമായി 10 ലക്ഷം രൂപയും ചേർത്ത് 11 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ചനടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ 2202-02-101-99 (എൻ.പി.) എന്ന ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 33,29,000 രൂപ (മുപ്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരം രൂപ മാത്രം ) അനുവദിക്കുകയുണ്ടായി.

<u>ശിപാർശ (ഖണ്ഡിക -66)</u>

4202-01-201-99—<u>പ്രാഥമിക വിദ്യാഭ്യാസം കെട്ടിടങ്ങൾ</u>

ബഡ്ജറ്റിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ആയതിനാൽ 280 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല .

<u>ശിപാർശ (ഖണ്ഡിക-67)</u>

4202-01-202-99—<u>സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ</u>

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 3072.50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക -68)

4202-01-202-90—അടിസ്ഥാന സൗകര്യം- ഹയർ സെക്കന്ററി വിദ്യാഭ്യാസം (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 1,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കുവേണ്ടിയുള്ള കെട്ടിട നിർമ്മാണത്തിനായി 4202-01-202-86 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 449.37 ലക്ഷം രൂപയ്ക്ക് (നാലുകോടി നാല്പത്തിയൊമ്പത് ലക്ഷത്തി മുപ്പത്തിയേഴായിരം രൂപ മാത്രം) ഭരണാനുമതി നൽകിയെങ്കിലും, വിഭവലഭ്യതയുടെ അപര്യാപ്തതമൂലം സമിതിയുടെ ശിപാർശയനുസരിച്ച് അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞില്ല .

[സർക്കാർ കത്ത് നമ്പർ പൊതുവിദ്യാഭ്യാസം (പി) വകുപ്പിന്റെ 7-6-2018-ലെ 2573049/പി2/18/പൊ.വി.വ.]

**സാംസ്കാരികകാര്യ വകുപ്പ്**

ശിപാർശ (ഖണ്ഡിക -82)

2202-05-102-98 —സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം

2017-18 സാമ്പത്തിക വർഷത്തിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം, ഡി.എ. കുടിശ്ശിക എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടു പോകുന്നതിനും പദ്ധതിയേതരയിനത്തിൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

31-3-2018-ലെ സ.ഉ.(സാധാ.) നമ്പർ 261/2018/സാം.കാ.വ. പ്രകാരം സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിട്യൂട്ടിന് 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ചിട്ടുള്ള 259.36 ലക്ഷം രൂപയ്ക്ക് പുറമേ അധിക തുകയായി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക-83)</u>

2202-05-102-97—<u>സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്</u>

ജീവനക്കാരുടെ ശമ്പളവും മറ്റും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 183.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ചനടപടി</u>

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല .

<u>ശിപാർശ (ഖണ്ഡിക-84)</u>

2202-05-102-96—<u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്</u>

പുതിയ കെട്ടിട നിർമ്മാണപ്രവൃത്തി തുടരുന്നതിനും ദിവസക്കരാർ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം നൽകുന്നതിനും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനുമായി പദ്ധതി ഇനത്തിൽ 338 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

<u>സ്വീകരിച്ചനടപടി</u>

30-1-2018-ലെ സ.ഉ. (സാധാ.) നമ്പർ 49/2018/സാം.കാ.വ. പ്രകാരം മലയാളം കമ്പ്യൂട്ടിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പദ്ധതി വിഹിതത്തിനു പുറമെ 2017-18 സാമ്പത്തിക വർഷത്തിൽ അധിക തുകയായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക -85)

2202-05-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 45 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 98 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

സ്വീകരിച്ച നടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല .

ശിപാർശ (ഖണ്ഡിക -86)

2202-05-102-86—മലയാളം മിഷൻ

മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലെ പ്രവർത്തന വിപുലീകരണം, വാർഷിക പരീക്ഷ, ഓൺലൈൻ രജിസ്ട്രേഷൻ, ജീവനക്കാരുടെ ശമ്പളം/വേതനം, ഓഫീസ് വാടക, യാത്രാ ചെലവ്, മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയ ആവശ്യങ്ങളിലേക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 75 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

22-1-2018-ലെ സ.ഉ.(സാധാ.) നമ്പർ 35/2018/സാം.കാ.വ. പ്രകാരം പദ്ധതിയേതര വിഹിതമായി മലയാള മിഷന് 2017-18 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-87)

2205-00-101-97(36)—കേരള കലാമണ്ഡലം - സഹായധനം

പദ്ധതിയിന ചെലവുകളിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാൽ നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 2345 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതിയിതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും 10-ാം ശമ്പളപരിഷ്കരണ കുടിശ്ശികയും 6-ാം യു.ജി.സി. ശമ്പളപരിഷ്കരണവും നൽകേണ്ടതിനാലും പദ്ധതിയേതര ഇനത്തിൽ 891.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ (ഖണ്ഡിക-88)

2205-00-101-96 —ജവഹർ ബാലഭവൻ

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ബാലഭവനുകളുടെ വിവിധ പദ്ധതി വികസന പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 52.75 ലക്ഷം രൂപയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും പുതിയ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 200 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല .

ശിപാർശ (ഖണ്ഡിക -9)

2205-00-102-98-36 —പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം

വക്കം മൗലവി ഫൗണ്ടേഷൻ, മഹാകവി ഉള്ളൂർ സ്മാരകം എന്നിവയുടെ വാർഷിക ഗ്രാന്റിൽ വർദ്ധനവ് ഉണ്ടായതിനാൽ ടി ശീർഷകത്തിൽ 14.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം മുതൽ സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ആവർത്തന ധനസഹായം 2205-00-102-77-ൽ നിന്നും മാത്രം നൽകിയാൽ മതിയെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പല സാംസ്കാരിക സ്ഥാപനങ്ങളുടെയും വർദ്ധിപ്പിച്ച ധനസഹായം/ധനസഹായം 2205-00-102-77 എന്ന ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ച് നൽകിയത്. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ സമിതി നിർദ്ദേശിച്ചതു പ്രകാരം 2205-00-102-98-36 എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ (ഖണ്ഡിക-90)

2205-00-102-97-36—കേരള സാഹിത്യ അക്കാദമി ധനസഹായം - സഹായ ധനം

കേരള സാഹിത്യ അക്കാദമി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും അക്കാദമി കെട്ടിടം മോടി പിടിപ്പിക്കുന്നതിനും പ്രാചീന ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 115 ലക്ഷം രൂപ പദ്ധതിയിനത്തിലും പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 106.41 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ (ഖണ്ഡിക -91)

2205-00-102-91-36—കേരള ലളിതകലാ അക്കാദമി - സഹായ ധനം

കാക്കഞ്ചേരിപ്പാറ കലാഗ്രാമ വികസനത്തിന്റെ രണ്ടാംഘട്ടം പൂർത്തിയാക്കുന്നതിനായി പദ്ധതിയിനത്തിൽ 200 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ (ഖണ്ഡിക-92)

2205-00-102-90—കേരള സംഗീത നാടക അക്കാദമി

അന്തർദ്ദേശീയ നാടകോത്സവം പ്രത്യേക ഇനമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 400 ലക്ഷം രൂപയും ശമ്പളം, മറ്റ് പദ്ധതിയേതര ആവശ്യങ്ങൾ, 10-ാം ശമ്പള പരിഷ്കരണം നടപ്പാക്കൽ എന്നീ ഇനങ്ങൾക്കായി പദ്ധതിയേതര ഇനത്തിൽ 157.75 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ (ഖണ്ഡിക-93)

2205-00-102-89-36—നൃത്തനാടക സംഗീത സംഘടനകൾക്കും മറ്റു കലാ-സാംസ്കാരിക സംഘടനകൾക്കും ധനസഹായം - സഹായധനം

നിലവിൽ ടി ശീർഷകത്തിൽനിന്ന് 14 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനും തിരുവനന്തപുരം ചിൽഡ്രൻസ് തീയേറ്ററിന് വർദ്ധിപ്പിച്ച ഗ്രാന്റ് തുക നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 8.30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം നൃത്തനാടക സംഗീത സംഘടനകൾക്കും മറ്റു സാംസ്കാരിക സംഘടനകൾക്കുമുള്ള ആവർത്തന ധനസഹായം 2205-00-102-77 എന്ന പുതിയ ശീർഷകത്തിൽനിന്നും മാത്രം നൽകിയാൽ മതിയെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പല സാംസ്കാരിക സ്ഥാപനങ്ങളുടെയും വർദ്ധിപ്പിച്ച ധനസഹായം/ധനസഹായം ഈ ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ച് നൽകിയത്. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ സമിതി നിർദ്ദേശിച്ചതു പ്രകാരം 2205-00-102-89-36 എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ (ഖണ്ഡിക -94)

2205-00-102-87-36— നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം-സഹായധനം

പ്രസ്തുത പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനായി ടി ശീർഷകത്തിൽ 138 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

5-2-2018-ലെ സ.ഉ.(സാധാ) നമ്പർ 902/2018/ധന. പ്രകാരം നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനായി 98 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-95)

2205-00-102-86-36—മാർഗി - സഹായധനം

കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനും കോപ്പുകളും അനുബന്ധ സാധനങ്ങളും നിർമ്മിക്കുവാനും നന്നാക്കുവാനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ (ഖണ്ഡിക-96)

2205-00-102-82-36—തിരുവനന്തപുരം ഭാരത് ഭവൻ - സഹായധനം

പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ടി ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ യഥാക്രമം 30 ലക്ഷം രൂപയും 27.65 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

26-12-2017-ലെ സ.ഉ.(സാധാ.) നമ്പർ 759/2017/സാം.കാ.വ. പ്രകാരം പദ്ധതിയേതര ഇനത്തിൽ ഭാരത് ഭവൻ മുൻ സെക്രട്ടറി ശ്രീ. കെ. ഇ. എൻ. കുഞ്ഞഹമ്മദിന് യു.ജി.സി. ശമ്പള കുടിശ്ശിക തുക അനുവദിക്കുന്നതിനായി 7.10 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-97)

2205-00-102-76-36—ഗുരുഗോപിനാഥ് നടനഗ്രാമം - സഹായധനം

ഇന്ത്യയിലെ തന്നെ ആദ്യത്തെ ഈ നൃത്തമ്യൂസിയത്തെ അന്തർദ്ദേശീയതലത്തിലേയ്ക്ക് ഉയർത്തുന്നതിനും ഏഴുദിവസം നീണ്ടുനിൽക്കുന്ന അന്തർദ്ദേശീയ നൃത്തോത്സവം സംഘടിപ്പിക്കുന്നതിനും നടനഗ്രാമത്തിൽ സ്കൂൾ മന്ദിരം നിർമ്മിക്കുന്ന തിനുമായി പദ്ധതിയിനത്തിൽ 151 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്ഥാപനത്തിലെ ജീവനക്കാരുടെയും അദ്ധ്യാപക രുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഓഫീസ് ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക -98)</u>

2205-00-102-75—<u>കേരളത്തിൽ നടത്തുന്ന അന്തർദ്ദേശീയ ഫിലിം മേള</u>

2205-00-102-66 —<u>കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി</u>

അന്തർദ്ദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി എന്നിവയ്ക്കും മറ്റുമായുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കേരളത്തിൽ നടത്തുന്ന അന്തർദ്ദേശീയ ഫിലിം മേള എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് പദ്ധതിയിനത്തിൽ 325 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 199.94 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ചനടപടി</u>

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല .

<u>ശിപാർശ (ഖണ്ഡിക-99)</u>

2205-00-102-74-36—<u>കേരള നാടൻകല അക്കാദമി - സഹായധനം</u>

പി. കെ. കാളൻ സ്മാരക മ്യൂസിയത്തിന്റെ പുതിയ നിലകളുടെ നിർമ്മാണം, കണ്ണപുരം കലാഗ്രാമത്തിൽ മ്യൂസിയം, ലൈബ്രറി എന്നിവയുടെ നിർമ്മാണം, വിദ്യാർത്ഥികളിൽ നാടൻകലാവബോധം വളർത്തൽ, കണ്ണപ്പെരുവണ്ണാൻ സ്മാരക തെയ്യം കലാകേന്ദ്രത്തിന് കെട്ടിട നിർമ്മാണം, കലാഭവൻ മണി സ്മാരക ചാലക്കുടി സെന്ററിന്റെ പ്രവർത്തനം തുടങ്ങിയവയ്ക്കും മറ്റുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 1345 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 65 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ (ഖണ്ഡിക-100)

2205-00-102-68-36 —വാസ്തുവിദ്യാ ഗുരുകലം - സഹായധനം

ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 45 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ (ഖണ്ഡിക -101)

2205-00-102-65-33—മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി

ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാങ്കേതിക സഹായത്തോടെ നിർമ്മിച്ച ചലച്ചിത്രങ്ങൾ, ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവയ്ക്ക് സബ്സിഡി ഇനത്തിൽ നൽകേണ്ട കുടിശ്ശിക, ഈ സാമ്പത്തികവർഷം സബ്സിഡിയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള ചിത്രങ്ങൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 599.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ്സിഡി ഇനത്തിൽ അധിക തുകയായി 610 ലക്ഷം രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് KSFDC സമർപ്പിച്ചിരുന്ന അപേക്ഷ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക -102)

2205-00-102-63-36—മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി-സഹായധനം

മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയിലെ വികസന പ്രവർത്തനങ്ങൾക്കും മാപ്പിള കലാസാഹിത്യ പ്രവർത്തനങ്ങൾക്കുമായി ഈ സാമ്പത്തിക വർഷം പദ്ധതി യിനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 245 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ചനടപടി</u>

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക-103)</u>

2205-00-102-55-36—<u>കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം തോന്നയ്ക്കൽ-സഹായധനം</u>

കേന്ദ്രത്തിലെ വിവിധ പദ്ധതികൾക്കായും സുവർണ്ണ ജൂബിലി ആഘോഷത്തോട നുബന്ധിച്ച് നടത്തുന്ന സാംസ്കാരിക പരിപാടികളുടെ നടത്തിപ്പിനും കേന്ദ്രത്തിനായി സ്ഥലമേറ്റെടുത്തതിന് കോടതി വിധിയെത്തുടർന്ന് അഡീഷണൽ കോമ്പൻസേഷൻ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 239 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ചനടപടി</u>

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക -104)</u>

2205-00-102-40-36—<u>വൈലോപ്പിള്ളി സംസ്കൃതി ഭവൻ (വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം) - സഹായധനം</u>

സ്ഥാപനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും വിവിധോദ്ദേശ്യ സാംസ്കാരിക ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്ന തിനുമായി പദ്ധതിയിനത്തിൽ 130 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ചനടപടി</u>

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

ശിപാർശ (ഖണ്ഡിക -105)

2205-00-102-25—സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ

വിരമിച്ച ജീവനക്കാർക്ക് പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിനും നടപ്പു സാമ്പത്തികവർഷം സർവ്വീസിൽനിന്നും വിരമിക്കുന്നവരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

സ്വീകരിച്ചനടപടി

7-11-2017-ലെ സ.ഉ. (സാധാ) നം. 8402/2017/ധന പ്രകാരം സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ അനുവദിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര വിഹിതമായി 440 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-106)

2205-00-107-99—ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം

ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചതിന്റെ ഭാഗമായി ദിവസവേതനക്കാരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടായതിനാലും, ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതുവരെ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ദിവസക്കൂലിക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതായി വരുന്നതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

11-12-2017-ലെ സ.ഉ. (സാധാ) നമ്പർ 9209/2017/ധന പ്രകാരം ദിവസ വേതനക്കാരുടെ വേതനം നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര വിഹിതമായി 35 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക -107)

2205-00-107-99-05-(1)—ഓഫീസ് ചെലവുകൾ - വെള്ളക്കരം

വാട്ടർ ചാർജ്ജിനത്തിൽ വന്ന കുടിശ്ശിക തീർക്കണമെന്നുള്ള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് അധിക ഫണ്ട് ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

11-12-2017 ലെ സ.ഉ.(സാധാ.) നമ്പർ 9209/2017/ധന. പ്രകാരവും 8-3-2018-ലെ സ.ഉ. (സാധാ.) നമ്പർ 1745/2018/ധന. പ്രകാരവും വെള്ളക്കരം കടിശ്ശിക തീർക്കുന്നതിനായി 36 ലക്ഷം രൂപ അധിക തുകയായി അനുവദിച്ച് നൽകിയിരിക്കുന്നു .

ശിപാർശ (ഖണ്ഡിക -108)

4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

ചിറ്റൂരിലെ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് ഇരട്ട തീയേറ്ററുകളാക്കി മാറ്റുന്നതിനും കോഴിക്കോട് ആധുനിക സജ്ജീകരണങ്ങളോടുകൂടി സ്റ്റുഡിയോയും ഒരു പുതിയ തിയേറ്റർ സമുച്ചയം സ്ഥാപിക്കുന്നതിനുമായി 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

സ്വീകരിച്ചനടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല .

ശിപാർശ (ഖണ്ഡിക -109)

2205-00-103-99—പുരാവസ്തു ഗവേഷണ വകുപ്പ്

വിവിധ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മ്യൂസിയങ്ങളുടെ പ്രവർത്തനത്തിന് നിയമിക്കേണ്ടിവരുന്ന ജീവനക്കാർക്ക് വേതനം നൽകേണ്ടതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

23-11-2017-ലെ സ.ഉ.(സാധാ.) നമ്പർ 8772/2017/ധന. പ്രകാരം പുരാവസ്തു ഗവേഷണ വകുപ്പിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര വിഹിതമായി 65 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-110)

04-1—യാത്രാചെലവുകൾ- യാത്രാബത്ത

സംരക്ഷിത സ്മാരകങ്ങളുടെ എണ്ണം 179 ആയി വർദ്ധിച്ച സാഹചര്യത്തിൽ സ്മാരകങ്ങളുടെ

സംരക്ഷണത്തിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സന്ദർശനങ്ങൾ നടത്തേണ്ടതായി വരുന്നതിനാൽ യാത്രാബത്ത ഇനത്തിൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല .

<u>ശിപാർശ (ഖണ്ഡിക -111)</u>

<u>05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

ഓഫീസുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ വെള്ളക്കരത്തിന് അധിക തുക ആവശ്യമായതിനാൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

23-11-2017-ലെ സ.ഉ.(സാധാ) നമ്പർ 8772/2017/ധന. പ്രകാരം പുരാവസ്തു ഗവേഷണ വകുപ്പിലെ വെള്ളക്കരം അടക്കുന്നതിലേയ്ക്കായി 10,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക-112)</u>

<u>05-2—ഓഫീസ് ചെലവുകൾ - വൈദ്യുത ചെലവ്</u>

ഓഫീസുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ വൈദ്യുത ചെലവിന് 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

<u>ശിപാർശ (ഖണ്ഡിക-113)</u>

<u>05-4—ഓഫീസ് ചെലവുകൾ— മറ്റിനങ്ങൾ</u>

സ്റ്റേഷണറി സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ 6.20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

സ്റ്റേഷണറി സാധനങ്ങൾ വാങ്ങുന്നതിന് അധിക തുക വകയിരുത്തിയിരുന്നില്ല എന്നിരുന്നാലും 23-1-2017-ലെ സ.ഉ.(സാധാ.) നമ്പർ 8772/2017/ധന. പ്രകാരം പുരാവസ്തു ഗവേഷണ വകുപ്പിലെ ടെലിഫോൺ ചാർജ് അടയ്ക്കുന്നതിലേയ്ക്കായി 10,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക -114)

2205-00-103-85—പൈതൃക പഠന കേന്ദ്രം

പദ്ധതിയേതരയിനത്തിൽ 1,69,82,700 രൂപയോളം ചെലവ് വരുന്നതിനാൽ സെന്ററിന്റെ വരുമാനമായ ഏകദേശം 80 ലക്ഷം രൂപ ടി ആവശ്യത്തിന് തികയുകയില്ല. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 80.32 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

[സർക്കാർ കത്ത് നമ്പർ സാംസ്കാരികകാര്യ (എ) വകുപ്പിന്റെ 28-4-2018-ലെ 118/എ 3/2017/സാം.കാ.വ.]

## കായികയുവജനകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക -115)

2204-00-001-99-01—കായികയുവജനകാര്യ ഡയറക്ടറേറ്റ്

കായികയുവജനകാര്യാലയത്തിലേയും കായികയുവജനകാര്യാലയത്തിനു കീഴിൽ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിലേയും ജീവനക്കാരുടെ ശമ്പളത്തിനായി 78.70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക-116)

2204-00-001-99-04-(01)—യാത്രാ ചെലവുകൾ - യാത്രാബത്ത

കായിക യുവജനകാര്യാലയത്തിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പരിശോധനയ്ക്ക് വേണ്ടി വരുന്ന ചെലവ് അനുവദിക്കുന്നതിനായി 55,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക -117)

2204-00-001-99-05-(01)—ഓഫീസ് ചെലവുകൾ- വെള്ളക്കരം

കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള സ്വിമ്മിംഗ്പൂളിന്റെ വെള്ളക്കരം അടയ്ക്കുന്നതിനുവേണ്ടി 1.55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക-118)

2204-00-001-99-05-(02) —ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്

കായിക യുവജനകാര്യാലയത്തിന് കീഴിൽ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിന് വേണ്ടിയും ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റേയും വെള്ളയമ്പലം നീന്തൽക്കുളത്തിന്റേയും വൈദ്യുതി ചെലവുകൾക്കുമായി 28.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക -119)

2204-00-001-99-05-(03)—ഓഫീസ് ചെലവുകൾ- ടെലഫോൺ ചെലവ്

കായിക യുവജനകാര്യാലയത്തിലെയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലെയും ടെലഫോൺ ചാർജ്ജ് അടയ്ക്കുന്നതിനുവേണ്ടി 90,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1057/2018

<u>സ്വീകരിച്ചനടപടി.</u>

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല

<u>ശിപാർശ (ഖണ്ഡിക-120)</u>

2204-00-001-99-05-(04)—<u>ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ</u>

കായിക യുവജനകാര്യാലയത്തിലെയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലെയും ആഫീസ് സ്റ്റേഷനറി ചെലവുകൾക്കായി 4.35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ചനടപടി</u>

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല .

<u>ശിപാർശ (ഖണ്ഡിക -121)</u>

2204-00-001-99-21-(2)—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

കായിക യുവജനകാര്യാലയത്തിലെയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 92,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

<u>സ്വീകരിച്ചനടപടി</u>

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല .

<u>ശിപാർശ (ഖണ്ഡിക-122)</u>

2204-00-001-99-34-(3)—<u>മറ്റു ചെലവുകൾ- മറ്റിനം</u>

കായിക യുവജനകാര്യാലയത്തിന് കീഴിൽ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിന് വേണ്ടി 7203.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

<u>സ്വീകരിച്ചനടപടി</u>

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായിക യുവജനകാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല .

ശിപാർശ (ഖണ്ഡിക -123)

2204-00-001-99-45—പി. ഒ. എൽ.

കായിക യുവജനകാര്യാലയത്തിലെയും പുതുതായി രൂപീകരിച്ച കായിക യുവജനകാര്യ എഞ്ചിനീയറിംഗ് വിംഗിലേയും വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിന് 5.48 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായിക യുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ 6-6-2018 -ലെ എ 1/9/2018/കാ.യു.വ. ]

ശിപാർശ (ഖണ്ഡിക -124)

2204-00-103-98-36—യൂത്ത് വെൽഫെയർ ബോർഡ്-സഹായധനം-ശമ്പളേതരം

കേരളോത്സവം, മത്സരാർത്ഥികൾക്കുള്ള യാത്രാബത്ത, സമ്മാനത്തുക എന്നിവ വർദ്ധിപ്പിക്കുന്നതിന് 240 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് കേരളോത്സവം പദ്ധതി നടത്തിപ്പിന് അനുവദിച്ച 625 ലക്ഷം രൂപ പര്യാപ്തമായതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക -125)

2204-00-103-98-31—യൂത്ത് വെൽഫെയർ ബോർഡ് സഹായധനം- ശമ്പളം

ജീവനക്കാരുടെ ശമ്പളം, റ്റി.എ, ഓഫീസ് ചെലവുകൾ പി.ഒ.എൽ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് നോൺപ്ലാൻ ശീർഷകത്തിൽ 34,36,000 രൂപ അനുവദിച്ചിരുന്നു. അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് സമർപ്പിച്ചിരുന്നില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുകയായ 200 ലക്ഷം രൂപ അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ കായികയുവജനകാര്യ (ബി) വകുപ്പിന്റെ 30-4-2018-ലെ 63/ബി1/17/കാ.യു.വ. ]

ശിപാർശ (ഖണ്ഡിക-126)

2204-00-103-84—കായിക യുവജനകാര്യ വകുപ്പ് - പ്രചാരണം

കായിക താരങ്ങൾക്ക് ട്രെയിനിംഗ് നൽകുന്നതിനും പരിശീലകർക്ക് കൂടുതൽ നിലവാരമുള്ള ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനും കായിക സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനും കായിക പ്രോത്സാഹനത്തിനായി പരസ്യ പ്രചാരണം നൽകുന്നതിനും ബുക്കുകൾ പ്രസിദ്ധീകരിക്കുന്നതിനുമായി 150 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ 6-6-2018 -ലെ എ 1/9/2018/കാ.യു.വ .]

ശിപാർശ (ഖണ്ഡിക -127)

2204-00-103-68-36—കേരള സംസ്ഥാന യുത്ത് കമ്മീഷൻ - സഹായധനം-ശമ്പളേതരം .

കമ്മീഷന്റെ പ്രവർത്തനത്തിൽ പുതുതായി 3 പദ്ധതികൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ 73 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 വർഷത്തിൽ പദ്ധതിയിനത്തിൽ ഒരു കോടി പത്ത് ലക്ഷം രൂപയും പദ്ധതിയേതര ഇനമായി ശമ്പളയിനത്തിൽ 74.54 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 10.96 ലക്ഷം രൂപയും കമ്മീഷന് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു . സ്ത്രീ സംരക്ഷണം-സ്ത്രീ ശാക്തീകരണം, നൈപുണ്യ വികസനം, നമുക്ക് ജാതിയില്ല എന്നീ മൂന്ന് പദ്ധതികൾകൂടി നടപ്പാക്കുന്നതിന് കമ്മീഷൻ ഉദ്ദേശിച്ചിരുന്നെങ്കിലും നടപ്പാക്കാൻ കഴിയാത്തതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശിപാർശ (ഖണ്ഡിക-128)

2204-00-103-68-31—ബഡ്ജറ്റ് വിഹിതം-പദ്ധതിയേതരം 74.54 ലക്ഷം രൂപ ശമ്പളയിനത്തിൽ

ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും അംഗങ്ങൾക്ക് പെൻഷനും നൽകേണ്ടതിനാൽ 43 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 വർഷം ബഡ്ജറ്റ് വിഹിതമായി 74.54 ലക്ഷം രൂപ ശമ്പളയിനത്തിൽ അനുവദിച്ച് നൽകിയിരുന്നു. ഇതിനു പുറമേ ശമ്പളയിനത്തിൽ 43 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും 23 ലക്ഷം രൂപ അധികം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലാണ് കമ്മീഷൻ സമർപ്പിച്ചിരുന്നത്. അതിൽ 18 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 23-5-2018 -ലെ 85/ബി2/18/കാ.യു.വ. ]

ശിപാർശ (ഖണ്ഡിക-129)

2204-00-104-97—കേരള സ്പോർട്സ് കൗൺസിൽ - 36- സഹായധനം- ശമ്പളേതരം

സ്പോർട്സ് ഹോസ്റ്റൽ അന്തേവാസികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, വർദ്ധിച്ച നിരക്കിലുള്ള ബോർഡിംഗ്/ലോഡ്ജിംഗ് തുക, കോച്ചിംഗ് ക്യാമ്പിനുള്ള ഡി.എ തുടങ്ങിയവ കണക്കിലെടുത്ത് 1216.45 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2017-18 സാമ്പത്തിക വർഷത്തിലെ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാൽ സമിതിയുടെ ശിപാർശ അനുസരിച്ച് അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക-130)

2204-00-104-96—വിവിധോദ്ദേശ്യ കായിക/കളിയിടങ്ങളുടെ വികസനം

വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണത്തിനായി 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക -131)

2204-00-104-90—സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്

സർക്കസ് കലാകാരന്മാർക്ക് കുടിശ്ശികയുൾപ്പെടെ പെൻഷൻ നൽകുന്നതിനായി 203.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

2,04,55,800 രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. 96,01,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-132)

2204-00-104-89—സിവിൽ സർവ്വീസ് ടൂർണമെന്റിന്റെ നടത്തിപ്പിനുള്ള ധനസഹായം

സിവിൽ സർവ്വീസ് ടൂർണമെന്റ് നടത്തിപ്പിനായി 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക -133)

2204-00-104-77-34—കായിക വിനോദ വൈദ്യസഹായ കേന്ദ്രം- മറ്റു ചെലവുകൾ

രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ നവീകരണം, ആവശ്യമായ മരുന്നുകൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും മറ്റ് ആവശ്യങ്ങൾക്കും, ആന്റി ഡോപ്പിംഗ്, സ്പോർട്സ് ന്യൂട്രീഷ്യൻ സംബന്ധിച്ച വർക്ക് ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക -134)

4202-03-800-89—സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം (കായിക ഭവൻ)

കായിക യുവജനകാര്യാലയം, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, കേരള ഒളിമ്പിക്സ് അസോസിയേഷൻ, സ്പോർട്സുമായി ബന്ധപ്പെട്ട വിവിധ സംഘടനകൾ, എന്നിവ ഉൾപ്പെടുത്തി പുതിയ കായികഭവൻ നിർമ്മിക്കുന്നതിന് 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കായിക ഭവന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയില്ല.

[സർക്കാർ കത്ത് നമ്പർ 6-6-2018 -ലെ എ 1/9/2018/കാ.യു.വ. ]

ഭാഗം -II

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ഖണ്ഡികകൾ.

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| ഉന്നതവിദ്യാഭ്യാസം | 24-60, 62, 69-81 എന്നിവയും 61, 63-65 എന്നിവയുടെ അന്തിമ മറുപടിയും. |

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2018 ജൂൺ 7.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.